DISPATCHED
On..31/8/22....



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ **CP No. 310(3)/2021** *എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.4200/*എസ്.ഐ.സി–ജി 1/2021*)

സന്നിഹിതൻ

എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി : 29.08.2022

**ശ്രീമതി റീന കെ,
1/532, അർച്ചന ഹൗസ്,
അഴിഞ്ഞിലം പോസ്റ്റ്,
മലപ്പുറം – 673 632.** — **പരാതി ഹർജിക്കാരി**

**Vs.**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ സൂപ്രണ്ട്,
ഫറോക്ക് കോളേജ് (സ്വയം ഭരണം),
പി.ഒ. ഫറോക്ക് കോളേജ്,
കോഴിക്കോട് – 673 632.** — **എതിർകക്ഷി**

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 02/02/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 27/02/2021 |
| കമ്മീഷനിൽ പരാതിഹർജി നൽകിയ തീയതി | 20/03/2021 |
| കമ്മീഷനിൽ പരാതിഹർജി ലഭ്യമായ തീയതി | 25/03/2021 |

## ഉത്തരവ്

മലപ്പുറം, അഴിഞ്ഞിലം, അർച്ചന ഹൗസിൽ ശ്രീമതി. റീന. കെ എന്നയാൾ കോഴിക്കോട് ഫാറൂക്ക് കോളേജിൽ നിന്നും ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമായില്ല എന്ന് കാണിച്ചാണ് സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ചത്. കമ്മീഷൻ 20.08.2022 തീയതിയിൽ കോഴിക്കോട് കളക്ട്രേറ്റ്

കോൺഫറൻസ് ഹാളിൽ നടത്തിയ ഹിയറിംഗിൽ ഈ പരാതി ഹർജി പരിഗണിച്ചു.

2) ഹിയറിംഗിൽ പരാതിക്കാരി ഹാജരായില്ല. വിവരാവകാശ അപേക്ഷകളുടെ ആധിക്യം കാരണം സോർട്ട് ചെയ്തതിൽ ചില പിശകും തെറ്റിദ്ധാരണയും വന്നതിനാലാണ് മറുപടി നൽകാൻ കഴിയാതിരുന്നതെന്നും എന്നാൽ മറുപടി പിന്നീട് നൽകിയിട്ടുണ്ടെന്നും 20.08.2022 ൽ നടന്ന ഹിയറിംഗിൽ ഫാറൂക്ക് കോളേജ് സീനിയർ സൂപ്രണ്ട് ആയ എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഹർജിക്കാരിയ്ക്ക് മറുപടി ലഭ്യമാക്കിയതായി ബോധ്യപ്പെട്ടതിനാലും ഹിയറിംഗിൽ പരാതിക്കാരി ഹാജരായി വിവരങ്ങൾ നേരിട്ട് ബോധിപ്പിക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ ഇക്കാര്യത്തിൽ പരാതി നിലനിൽക്കുന്നില്ല എന്ന ബോധ്യത്തോടെ, ഈ പരാതി ഹർജി കമ്മീഷൻ ഇന്നേ ദിവസം (2022 ആഗസ്റ്റ് മാസം 29-ാം തീയതി) തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**എ. അബ്ദുൽ ഹക്കീം**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

*vkm*

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

RIGHT TO INFORMATION